"ഭരണഭാഷ-മാതൃഭാഷ"

**DWCD/3307/2026-ICDSB9**

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 18-07-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്- അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് (അമൃതം പൊടി) വീട്ടിൽ പാകം ചെയ്യുമ്പോൾ അധികമായി മധുരം ചേർക്കരുതെന്ന അവബോധം നൽകുന്നത്-സംബന്ധിച്ച്-

സൂചന:-
1. കേന്ദ്ര സർക്കാർ വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ പൂരകപോഷകാഹാരങ്ങൾ സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ
2. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ CRMP No. 00735/09/2026/KeSCPCR നമ്പരിലുള്ള പരാതിയിന്മേലുള്ള തുടർനടപടികൾ.
3. 18/5/26 ലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കത്ത് നം BB 3.CFS/135/2026-E

അങ്കണവാടികൾ മുഖേന 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തുവരുന്ന പൂരകപോഷകാഹാര ഉൽപ്പന്നമായ 'അമൃതം ന്യൂട്രിമിക്സ്', കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ (CPCRI) സാങ്കേതിക ഫോർമുലേഷന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി ശാസ്ത്രീയമായി നിർമ്മിക്കുന്നതാണ്. കുട്ടികളുടെ ദൈനംദിന കലോറി, പ്രോട്ടീൻ ആവശ്യകതകൾ നിറവേറ്റാൻ രൂപകൽപ്പന ചെയ്തിട്ടുള്ള ഈ ഉൽപ്പന്നത്തിൽ നിലവിൽ 45% ഗോതമ്പ്, 20% പഞ്ചസാര, 10% സോയാബീൻ, 10% നിലക്കടല, 15% കടലപ്പരിപ്പ് എന്നിവ അടങ്ങിയിരിക്കുന്നു.

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം കുട്ടികളുടെ പൂരകപോഷകാഹാരങ്ങളിൽ ഉപ്പ്, സംസ്കരിച്ച വെളുത്ത പഞ്ചസാര, കൃത്രിമ നിറങ്ങൾ/സുഗന്ധവസ്തുക്കൾ എന്നിവയുടെ ഉപയോഗം കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, അമൃതം പൊടി കൂടുതൽ പ്രായത്തിനനുസൃതവും (Age Appropriate) ആരോഗ്യകരവുമാക്കുന്നതിനായി പഞ്ചസാരയ്ക്ക് പകരം ശർക്കര ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ CPCRI-യുമായി ആലോചിച്ച് വകുപ്പ് ഗൗരവപൂർവ്വം പരിഗണിച്ചുവരികയാണ് .

ഈ സാഹചര്യത്തിൽ, നിലവിലെ അമൃതം ന്യൂട്രിമിക്സ് ഫോർമുലയിൽ ഇതിനകം തന്നെ **20% പഞ്ചസാര അടങ്ങിയിട്ടുള്ളതിനാൽ,** ഇത് വീടുകളിൽ പാകം ചെയ്യുമ്പോൾ ആരോഗ്യകരമായ ശീലങ്ങൾ പിന്തുടരേണ്ടതിന്റെ ആവശ്യകത സംസ്ഥാന ന്യൂട്രീഷൻ ഓഫീസർ

ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ആയതിനാൽ, എല്ലാ അങ്കണവാടി വർക്കർമാരും തങ്ങളുടെ പരിധിയിലുള്ള ഗുണഭോക്താക്കളായ മാതാപിതാക്കളെ നേരിട്ടും/ മദേഴ്സ് മീറ്റിംഗുകളിലും പോഷൺ ട്രാക്കർ/വാട്സാപ്പ് ഗ്രൂപ്പുകൾ വഴിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തരമായി അറിയിക്കേണ്ടതാണ്:

- **അധിക മധുരം പൂർണ്ണമായി ഒഴിവാക്കുക:** അമൃതം പൊടി ഉപയോഗിച്ച് കുട്ടികൾക്ക് കുറുക്ക്, പുട്ട്, കൊഴുക്കട്ട, അട തുടങ്ങിയവ തയാറാക്കുമ്പോൾ **വീണ്ടും അധികമായി പഞ്ചസാരയോ ശർക്കരയോ യാതൊരു കാരണവശാലും ചേർക്കാൻ പാടുള്ളതല്ല.**

- **ആരോഗ്യ സുരക്ഷ:** നിലവിലുള്ള മധുരത്തിന് പുറമെ വീണ്ടും സംസ്കരിച്ച പഞ്ചസാരയോ മധുരമോ ചേർത്ത് നൽകുന്നത് കുട്ടികളിൽ ഭാവിയിൽ അമിതവണ്ണം, ദന്തക്ഷയം, മറ്റ് ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകും.

- **6 മാസം മുതൽ 1 വയസ്സ് വരെയുള്ള കുട്ടികൾ:** ഈ പ്രായത്തിലുള്ള ശിശുക്കൾക്ക് അധിക മധുരം നൽകുന്നത് അവരുടെ സ്വാഭാവിക വിശപ്പിനെ ബാധിക്കുകയും മറ്റ് പോഷകാഹാരങ്ങളോടുള്ള താല്പര്യം കുറയ്ക്കുകയും ചെയ്യും. അമൃതം പൊടിയിൽ നിർമ്മാണ വേളയിൽ തന്നെ പഞ്ചസാര അടങ്ങിയിട്ടുള്ളതിനാൽ ആയത് പാകം ചെയ്യുമ്പോൾ, അധിക മധുരം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വവും ശരിയായ വളർച്ചയും മുൻനിർത്തിയുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശാനുസരണം എല്ലാ ഗുണഭോക്താക്കളുടെ മാതാപിതാക്കളിലും എത്തിച്ചേർന്നു എന്ന് എല്ലാ കീഴ്ക്കാര്യാലയ മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

ശിവന്യ എസ് എൻ
ജോയിന്റ് ഡയറക്ടർ
പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012